പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5536 — 02.07.2014-ൽ മറുപടിക്ക്

## സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സമഗ്ര ആരോഗ്യ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ :<br>,, വി. എസ്. സുനിൽ കുമാർ :<br>,, മുല്ലക്കര രത്നാകരൻ :<br>,, പി. തിലോത്തമൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സ്കൂൾ വിദ്യാർത്ഥികളുടെ സമഗ്ര ആരോഗ്യം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) സ്കൂൾ ആരോഗ്യ പദ്ധതി, അഡോളസെന്റ് ഹെൽത്ത് എന്നിവയാണ് സ്കൂൾ വിദ്യാർത്ഥികളുടെ സമഗ്ര ആരോഗ്യം ലക്ഷ്യമാക്കി ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ. |
| (ബി) ഓരോ വിദ്യാർത്ഥിയുടെയും സമഗ്ര ആരോഗ്യരേഖ തയ്യാറാക്കി വരുന്നുണ്ടോ ; ഉണ്ടെങ്കിൽ എല്ലാ വിദ്യാർത്ഥികളുടെയും ആരോഗ്യ രേഖ തയ്യാറാക്കുന്ന ജോലികൾ എത്രകാലംകൊണ്ട് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ; | (ബി) വിദ്യാർത്ഥികളെ ആരോഗ്യപരിശോധനയ്ക്ക് വിധേയരാക്കി വിവരങ്ങൾ രേഖപ്പെടുത്താൻ സമഗ്രമായ ആരോഗ്യരേഖ നിലവിലുണ്ട്. സ്കൂൾ ഹെൽത്ത് നേഴ്സുമാരെ നിയമിച്ചിട്ടുള്ള എല്ലാ സ്കൂളുകളിലും ഈ ആരോഗ്യരേഖ ആവശ്യാനുസരണം വിതരണം ചെയ്തിട്ടുണ്ട്. നിലവിലുള്ള ആരോഗ്യരേഖയും ഇലക്ട്രോണിക് ഡാറ്റബേസും തയ്യാറാക്കിയിട്ടുണ്ട്. വിവിധതലത്തിലൂടെ ആരോഗ്യപ്രവർത്തകർക്കും സ്കൂൾ ഹെൽത്ത് നേഴ്സുമാർക്കും പരിശീലനം നടത്തി വരികയാണ്. ജില്ലാതലം മുതൽ സംസ്ഥാന തലംവരെയുള്ള റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ വിവിധ പ്രായക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടുപിടിക്കുന്നതിന് സാധിക്കും. ഒരു വർഷത്തിനുള്ളിൽ ഇലക്ട്രോണിക് ഹെൽത്ത് റിക്കോർഡ് എല്ലാ സ്കൂളുകളിലും നിലവിൽ വരും. |
| (സി) ഈ പദ്ധതി എല്ലാ വിദ്യാലയങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള എന്ത് നടപടികളാണുള്ളതെന്ന് വ്യക്തമാക്കുമോ ; | (സി) ഉണ്ട്.<br>പദ്ധതി എല്ലാ വിദ്യാലയങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ താഴെപ്പറയുന്നവയാണ്.<br>ഹെൽത്ത് റിക്കോർഡിന്റെ - വിതരണം പൂർത്തിയാക്കി വിതരണം<br>രജിസ്റ്റർ (നാല് തരം) - വിതരണം പൂർത്തിയാക്കി |

| | |
|---|---|
| | സ്കൂൾ ഹെൽത്ത് ഡയറി - വിതരണം പൂർത്തിയാക്കി<br>ഐ.ഇ.സി. പോസ്റ്റർ - 50% പൂർത്തിയായി<br>പരിശോധനാ കിറ്റ് - 7892 കിറ്റുകൾ വിതരണം ചെയ്തു |
| (ഡി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (ഡി) ആരോഗ്യവകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്. |

സെക്ഷൻ ഓഫീസർ